ടെലഫോൺ.2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപ്)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ.7475/ബി2-എസ്റ്റാ/2021/എൻ.സി.സി

13 ഡിസംബർ 2021

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്
കോഴിക്കോട്

സർ,

**വിഷയം : ശ്രീ ബാബുരാജ് ടി.കെയുടെ സേവന പുസ്തകം തിരിച്ചയക്കുന്നത് – സംബന്ധിച്ച്.**

സൂചന : താങ്കളുടെ കാര്യാലയത്തിലെ 26.11.2021 തീയതിയിലെ 153/1/ എസ്റ്റാ-3 നമ്പർ കത്ത്.

1. മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനു വേണ്ടി മേൽ സൂചന പ്രകാരം 30 കേരള ബറ്റാലിയൻ എൻ.സി.സി യിലെ ക്ലാർക്ക് ശ്രീ. ബാബുരാജ് ടി കെയുടെ (പെൻ -385591) സേവന പുസ്തകവും അനുബന്ധ രേഖകളും ലഭിച്ചിരുന്നു. എന്നാൽ ടിയാന്റെ സേവന പുസ്തകം പരിശോധിച്ചതിൽ, ടിയാന് പ്രൊബേഷൻ പൂർത്തീകരിക്കുന്ന 14.12.2020 തീയതിയിൽ അനുവദിക്കേണ്ടിയിരുന്ന രണ്ടാമത്തെ ഇൻക്രിമെന്റ് 01.08.2020 തീയതി മുതൽക്കേ അനുവദിച്ചതായി കാണുന്നു. കൂടാതെ ടിയാന് മൂന്നാമത്തെ ഇൻക്രിമെന്റ് 01.08.2021നും നൽകിയിട്ടുണ്ട്. ജീവനക്കാർ അവരുടെ പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തീകരിക്കുമ്പോൾ HOD-യിൽ നിന്നും ലഭിക്കുന്ന പ്രൊബേഷൻ പൂർത്തീകരണ അനുമതി ഉത്തരവ് പ്രകാരം മാത്രമേ രണ്ടാമത്തെ ഇൻക്രിമെന്റ്, പ്രൊബേഷൻ പൂർത്തീകരിക്കുന്ന തീയതി മുതൽ നൽകുവാൻ സാധിക്കൂ. എന്നാൽ നിയമങ്ങൾ അനുസരിക്കാതെ, കൃത്യമായ പരിശോധനയില്ലാതെ ഇൻക്രിമെന്റ് നൽകുന്നത് കൃത്യവിലോപമായി കണക്കാക്കുന്നതാണ്. ആയതിനാൽ ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്ന് 01.08.2020 മുതൽ 13.12.2020 വരെ അനുവദിച്ച അധിക തുക തിട്ടപ്പെടുത്തി സർക്കാരിലേക്ക് തിരിച്ചടക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ആവശ്യമായ തിരുത്തലുകൾ ടിയാന്റെ സേവന പുസ്തകത്തിൽ വരുത്തി മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്ത ശേഷം ടി അപേക്ഷ പുന:സമർപ്പിക്കണമെന്ന് അറിയിച്ചു കൊള്ളുന്നു.

..2/

2. ടി ജീവനക്കാരന്റെ സേവന പുസ്തകത്തിലെ പേജ് നമ്പർ 60-ൽ സ്കെയിൽ ഓഫ് പേ തെറ്റായിട്ടാണ് എഴുതിയിരിക്കുന്നത്. ആയത് 26500-60700 ആയി മാറ്റി എഴുതേണ്ടതാണ്. ചുവടെ കൊടുത്തിരിക്കുന്ന വിധത്തിൽ ടിയാന്റെ ശമ്പളം ക്രമീകരിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. **മേലിൽ ഇത്തരം നിരുത്തരവാദപരമായ നടപടികൾക്ക് കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്ന് ബന്ധപ്പെട്ട ജീവനക്കാരെ അറിയിക്കേണ്ടതാണ്.** ടിയാന്റെ സേവന പുസ്തകവും അനുബന്ധ രേഖകളും ഇതോടൊപ്പം തിരിച്ചയക്കുന്നു.

| Sl. No. | Date of Increment | Basic Pay | Remarks |
|---|---|---|---|
| 1. | 14.12.2018 | 25850/- Scale of Pay (19000-43600) | 10th Pay Revision |
| 2. | 01.07.2019 | 36500/- Scale of pay (26500-60700) | Pay fixation on 11th Pay Revision |
| 3. | 01.08.2019 | 37400/- | 1st Increment (Rule 28 A & Rule 33) |
| 4. | 14.12.2020 | 38300/- | 2nd Increment പ്രൊബേഷൻ ഉത്തരവ് വന്നതിനു ശേഷം നൽകേണ്ടത്. |
| 5. | 01.08.2021 | 39300/- | 3rd Increment |

3. താങ്കളുടെ കാര്യാലയത്തിൽ ലഭ്യമാകുന്ന ജീവനക്കാരെ സംബന്ധിക്കുന്ന സേവന പുസ്തകത്തിലെ വിവരങ്ങൾ ഈ കാര്യാലയത്തിലെ 22.04.2021 തീയതിയിലെ 120/ബി3-എസ്റ്റാ/എൻ.സി.സി/2020 പ്രകാരം കൃത്യമാണെന്ന് പരിശോധിച്ച് മാത്രമേ ഈ കാര്യാലയത്തിലേക്ക് തുടർന്ന് അയയ്ക്കുവാൻ പാടുള്ളു എന്ന് ഒരിക്കൽ കൂടി താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,

(സുമി സന്ദീപിക ജി മാസ്റ്റർലി)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

പകർപ്പ് :-

എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും (വെബ്സൈറ്റ് മുഖേന) (കോഴിക്കോട് ഒഴികെ) - ഖണ്ഡിക 3 പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.